പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2026 18.06.2013 -ൽ മറുപടിക്ക്

കെ. എസ്. ആർ. ടി. സി.-ക്ക് സാമ്പത്തിക സഹായം

ചോദ്യം

ശ്രീ. ഇ. പി. ജയരാജൻ :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2011 ജൂൺ ഒന്നു മുതൽ 2013 മെയ് 30 വരെയുള്ള കാലയളവിൽ കെ.എസ്.ആർ.ടി.സി.-യ്ക്ക് എത്ര തുകയുടെ സാമ്പത്തിക സഹായമാണ് ഗവൺമെന്റിൽ നിന്ന് ലഭിച്ചത് ; | (എ) | 2011 ജൂൺ ഒന്ന് മുതൽ 2013 മേയ് 30 വരെ സർക്കാരിൽ നിന്നും KSRTC-യ്ക്ക് ലഭിച്ച സാമ്പത്തിക സാഹായത്തെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br>സർക്കാർ വായ്പ - 384 കോടി രൂപ<br>പദ്ധതി വിഹിതം - 99.07 കോടി രൂപ<br>ഗ്രാന്റ് ഇൻഎയ്ഡ് - 32.00 കോടി രൂപ<br>സബ്സിഡി - 28.00 കോടി രൂപ |
| (ബി) | ഏതെല്ലാം ആവശ്യങ്ങൾക്കാണ് പ്രസ്തുത തുക വിനിയോഗിച്ചത് ; | (ബി) | സർക്കാർ വായ്പയായും ഗ്രാന്റ് - ഇൻ - എയിഡായും അനുവദിച്ച തുക, KSRTC-യുടെ ദൈനം ദിനപ്രവർത്തനങ്ങൾക്കും ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായുമാണ് വിനിയോഗിച്ചത്. പദ്ധതി വിഹിതമായി അനുവദിച്ച തുക വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായും, സബ്സിഡി ഇനത്തിൽ അനുവദിച്ച തുക ഡീസൽ വിലവർദ്ധനവ് മൂലമുണ്ടായ പ്രതിസന്ധി തരണം ചെയ്യുന്നതിനുമാണ് വിനിയോഗിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത കാലയളവിൽ കെ. എസ്.ആർ.ടി.സി.യെ സംരക്ഷിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് ഗതാഗതവകുപ്പ് ധനകാര്യ വകുപ്പിനു സമർപ്പിച്ചതെന്നും ഓരോ പദ്ധതിയിലൂടെയും എത്ര തുകയാണ് ആവശ്യപ്പെട്ടതെന്നും വ്യക്തമാക്കുമോ ; | (സി) | കെ.എസ്.ആർ.ടി.സി.യുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾക്കായി പദ്ധതിയിനത്തിൽ തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഓരോ സാമ്പത്തിക വർഷവും ധനകാര്യ വകുപ്പിന് സമർപ്പിക്കാറുണ്ട്. 2011 – 12 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി.യുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി |

| | | | |
|---|---|---|---|
| | | | 42 കോടി രൂപയ്ക്കുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. 2012 – 13 സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ, കോഴിക്കോട് നഗരങ്ങളിൽ സിറ്റി സർവ്വീസ് ഏർപ്പെടുത്തുന്നതിനും (32 കോടി രൂപ) അടിസ്ഥാന സൗകര്യ വികസനത്തിനും വർക്ക്ഷോപ്പുകൾ നവീകരിക്കുന്നതിനും (14 കോടി രൂപ) കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്നതിനും (10 കോടി രൂപ) ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും (1.07 കോടി രൂപ) ഉള്ള പദ്ധതികൾ നടപ്പാക്കുന്നതിന് 57.07 കോടി രൂപയ്ക്കുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. മേൽ തുകകൾ പൂർണ്ണമായും കെ.എസ്.ആർ.ടി.സി.യ്ക്ക് റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്.<br>ഇതു കൂടാതെ കെ.എസ്.ആർ.ടി.സി.യ്ക്കു വേണ്ടി ഒരു സ്പെഷ്യൽ പാക്കേജ് നടപ്പാക്കുന്നതിനായി 2012 - 13 ൽ 50 കോടി രൂപ ലോണിനത്തിലും അനുവദിച്ചിട്ടുണ്ട്. |
| (ഡി) | 2011-2012 ബഡ്ജറ്റിലൂടെയും 2012-2013 ബഡ്ജറ്റിലൂടെയും കെ. എസ്.ആർ.ടി.സി.-ക്ക് എത്ര തുക അനുവദിക്കുകയുണ്ടായി യെന്ന് വ്യക്തമാക്കുമോ ? | (ഡി) | 2011 – 12 സാമ്പത്തിക വർഷത്തിൽ, കോർപ്പറേഷന് വായ്പയായി 140 കോടി രൂപയും പദ്ധതി വിഹിതമായി 42 കോടി രൂപയും ഗ്രാന്റ് ഇൻ എയ്ഡായി 32 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.<br>2012 – 13 സാമ്പത്തിക വർഷത്തിൽ, കോർപ്പറേഷന് വായ്പയായി 175 കോടി രൂപയും പദ്ധതിവിഹിതമായി 57.07 കോടി രൂപയും സബ്സിഡി ഇനത്തിൽ 28 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ